(ബി) ഈ അദ്ധ്യയന വർഷം മുതൽ (1999-2000)

(സി) പെയിന്റിംഗ്, സ്കൾപ്റ്റർ, അപ്ലൈഡ് ആർട്ട് എന്നീ സ്പെഷ്യലൈസേഷനുകളിൽ ബി.എഫ്.എ. കോഴ്സ് ആരംഭിക്കുവാൻ 12.7.1999 ലെ ജി.ഒ. (എം.എസ്.) 78/99/ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 20 വിദ്യാർത്ഥികൾക്കാണ് ആദ്യവർഷം പ്രവേശനം ലഭിക്കുന്നത്.

32 (3192) പ്ലസ് ടൂ അഡ്മിഷന് പി.ടി.എ. യുടെ ഫണ്ട് പിരിവ്

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മോയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്ലസ് ടൂ ക്ലാസ്സുകളിലേക്കുള്ള പ്രവേശനത്തിന് സ്കൂളുകളിലെ പി.ടി.എ. ഫണ്ട് പിരിവ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളിലെ പി.ടി.എ.കൾക്ക് ഫണ്ട്പിരിവ് നടത്താൻ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

(സി) സ്കൂളുകളിലെ പി.ടി.എ.കൾ നിർബന്ധപൂർവ്വം പണപ്പിരിവ് നടത്തുന്നത് നിർത്തൽ ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർബന്ധപൂർവ്വം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) പരാതികൾ ലഭിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

33 (3194) ആൾസെയിൻസ് കോളേജ് പ്രിൻസിപ്പലിന്റെ നിയമനം അംഗീകരിക്കാൻ നടപടി

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആൾ സെയിൻസ് കോളേജിൽ 1995-96 അദ്ധ്യയന വർഷത്തിൽ പ്രിൻസിപ്പൽ ആയി നിയമിതയായ സിസ്റ്റർ ലൂതറൻഷ്യയുടെ നിയമനം അംഗീകാരത്തിനായി ലഭിച്ച അപേക്ഷയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തു നടപടി സ്വീകരിച്ചു;

(ബി) നിയമനത്തിന് അംഗീകാരം ലഭിക്കാൻ ഇത്രയും കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് എന്തെങ്കിലും ഒരു നിർദ്ദേശം കോളേജ് അധികാരികൾക്ക് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly